**സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

വിഷയം : സാമൂഹ്യ നീതി വകുപ്പ് -ഐ.സി.പി.എസ്- **കാവൽ** - പദ്ധതി - രണ്ടാം ഘട്ടം - സന്നദ്ധ സംഘടനകൾക്കായുള്ള പരിശീലനം പരിശീലനത്തിന് നിയോഗിച്ച് ഉത്തരവാകുന്നു.

പരാമർശം:-

**ഉത്തരവ് നമ്പർ- ICPS-3/9665/17(2) തീയതി 05.10.2017**

സംസ്ഥാനത്തുള്ള നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സാമൂഹ്യ അവസ്ഥ മെച്ചപ്പെടുത്തി പുനരധിവസിപ്പിയ്ക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പിൻ കീഴിലുള്ള സംയോജിത ശിശുസംരക്ഷണ പദ്ധതിയും ബാംഗ്ലൂർ NIMHANS ഉം സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് **കാവൽ**. ഈ പദ്ധതി 2015 - 2016 വർഷത്തിൽ തിരുവനന്തപുരം, പാലക്കാട് കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിൽ തെരെഞ്ഞെടുക്കപ്പെട്ട ഏഴ് NGO മാർ മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഈ പദ്ധതി കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ആറ് ജില്ലകളിൽ കൂടി ഈ പദ്ധതി 2017 - 2018 വർഷത്തിൽ വ്യാപിപിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കാവൽ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്ന കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ആറ് ജില്ലകളിൽ നിന്നുള്ള സന്നദ്ധ സംഘടനകൾക്കായി NIMHANS, ബാഗ്ലൂരിൽ വച്ച് ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചിരിയ്ക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനു കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്നും താഴെപ്പറയുന്ന പട്ടിക പ്രകാരമുള്ള പ്രതിനിധികളെയും ഒന്നാം ഘട്ട പരിശീലനത്തിന്റെ സമാപനത്തിൽ പങ്കെടുക്കുന്നതിന് ഐ.സി.പി.എസ് പ്രോഗ്രാം മാനേജർ ശ്രീ.എ.എസ് ഗണേഷ് കുമാർ, കാവൽ പദ്ധതി നോഡൽ ഓഫീസർ ശ്രീ.കെ.കെ.സുബൈർ, എന്നിവരെയും നിയോഗിച്ച് ഉത്തരവാകുന്നു.

| പരിശീലനകാലയളവ് | ജില്ല |
|---|---|
| 09.10.2017 മുതൽ 14.10.2017 വരെ | കണ്ണൂർ, പത്തനംതിട്ട, കോഴിക്കോട് |
| 30.10.2017 മുതൽ 04.11.2017 വരെ | മലപ്പുറം, എറണാകുളം,പാലക്കാട് |
| 07.11.2017 മുതൽ 11.11.2017 വരെ | തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം |

| ജില്ല | പ്രതിനിധികൾ |
|---|---|
| കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട | 1. ഡി.സി.പി.ഒ<br>2. ലീഗൽ കം പ്രൊബേഷൻ ഓഫീസർ<br>3. ഗവ.ഒബ്സർവേഷൻ ഹോം കൗൺസിലർ<br>4. ജെ.ജെ.ബിയിലെ രണ്ട് മെമ്പർമാർ<br>5. ചെയർമാൻ,ചൈൽഡ് വെൽഫയർ കമ്മിറ്റി<br>6. സന്നദ്ധസംഘടനയിൽ നിന്നുള്ള പ്രതിനിധി |
| കോഴിക്കോട് | 1. ഡി.സി.പി.ഒ<br>2. ഗവ.ഒബ്സർവേഷൻ ഹോം (ബോയ്സ്) കൗൺസിലർ<br>3. Manusha,Civil Station ൽ നിന്നുള്ള പ്രതിനിധി<br>4. COD ൽ നിന്നുള്ള പ്രതിനിധി |

| | |
|---|---|
| തിരുവനന്തപുരം | 1. ലീഗൽ കം പ്രൊബേഷൻ ഓഫീസർ<br>2. The Blue Point Org - ൽ നിന്നുള്ള പ്രതിനിധി<br>3. Santhigramam - ൽ നിന്നുള്ള പ്രതിനിധി<br>4. Foundation for Development Action – ൽ നിന്നുള്ള പ്രതിനിധി<br>5. ഗവ.ഒബ്സർവേഷൻ ഹോം കൗൺസിലർ |
| പാലക്കാട് | 1. ഗവ.ഒബ്സർവേഷൻ ഹോം കൗൺസിലർ<br>2. Ashrayam Rural Development Society ൽ നിന്നുള്ള പ്രതിനിധി<br>3. Mithra ൽ നിന്നുള്ള പ്രതിനിധി |

പ്രസ്തുത പരിശീലനവുമായി ബന്ധപ്പെട്ട വിവരങ്ങൾ അതതു ജില്ലയിലെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫിസർമാർ NGO പ്രതിനിധികളെ കൂടി അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച യാത്രകൾക്ക് നിയമപ്രകാരമുള്ള യാത്രാബത്ത (NGO മാരുടെ പ്രതിനിധികൾക്ക് ഒഴികെ) അനുവദിയ്ക്കുന്നതാണ്.

(ഒപ്പ്)

**സാമൂഹ്യ നീതി ഡയറക്ടർ & മെമ്പർ സെക്രട്ടറി (SCPS)**

**ജില്ലാ ശിശു സംരക്ഷണ ഓഫീസർ**
കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം,
കോട്ടയം, പത്തനംതിട്ട ,തിരുവനന്തപുരം
കോഴിക്കോട്, പാലക്കാട്

പകർപ്പ്:

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ,തിരുവനന്തപുരം(നോഡൽ ഓഫീസർ)
2. കോർഡിനേറ്റർ,നിംഹാൻസ്,ബാഗ്ലൂർ
3. ICPS/4
4. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**പ്രോഗ്രാം മാനേജർ**